പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2576 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ കരാർ നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള ശമ്പളവും മറ്റ് അലവൻസുകളും എത്രയായിരുന്നു എന്നുമുള്ളതിന്റെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും കരാറടിസ്ഥാനത്തിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ഏതെല്ലാം തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട വ്യക്തികൾ ആരൊക്കെയാണെന്നും അവർക്ക് നൽകിയിട്ടുള്ള വേതനവും മറ്റ് അലവൻസുകളും എത്രയായിരുന്നു എന്നുമുള്ളതിന്റെ ജില്ല തിരിച്ചും തസ്തിക തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും ദിവസ വേതനാടിസ്ഥാനത്തിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ട ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ജില്ല തിരിച്ചും തസ്തിക തിരിച്ചും വ്യക്തമാക്കാമോ;

മറുപടി: പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികവർഗ്ഗ വികസനവകുപ്പിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉണ്ട്.

1. കരാർ അടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി അജിത കുമാരി-യെ ക്ലാർക്ക് തസ്തികയിൽ 25/01/2017-ന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

2. താത്കാലികാടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി സരിത കുമാരി. എ-യെ കിന്റർ ഗാർട്ടൻ ടീച്ചർ ആയി മാനന്തവാടി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന കീഴിൽ നിയമിച്ചിട്ടുണ്ട്.

(ഡി) 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട് എന്നും അപ്രകാരം നിയമിതരായ വ്യക്തികൾ ആരെല്ലാം ആയിരുന്ന എന്നും ഏതെല്ലാം തസ്തികകളിൽ നിന്നായിരുന്ന അവർ നിയമിക്കപ്പെട്ടത് എന്നും വിശദമാക്കാമോ?

<u>മറുപടി:</u> പട്ടികജാതി വികസന വകുപ്പിനെയും പട്ടികവർഗ്ഗ വികസനവകുപ്പിനെയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ